ബഹുമാനപ്പെട്ട ജോൺ പൊള്ളേച്ചിറ അച്ചന്റെ മൃതദേഹം 2024 ഏപ്രിൽ 1-ാം തീയതി രാവിലെ 6.30-ന് എറണാകുളം ലിസി ഹോസ്പിറ്റൽ ചാപ്പലിൽ കൊണ്ടുവന്ന് ഒപ്പീസ് ചൊല്ലി. പിന്നീട്, 7.30 മുതൽ 8.30 വരെ തൃക്കാക്കര വിജോഭവനിൽ പൊതുദർശനത്തിന് വച്ചു. തുടർന്ന്, 10.00 മുതൽ ഉച്ചയ്ക്ക് 12.00 മണി വരെ ചേർത്തലയിലെ സഹോദരൻ ജോസഫിന്റെ ഭവനത്തിലും, ചേർത്തല മുട്ടം സെന്റ് മേരീസ് ഫൊറോന പള്ളിയിലും പൊതുദർശനത്തിന് വച്ചു. ദേവാലയത്തിൽ പൊതുദർശന ത്തിന് വച്ചപ്പോൾ ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത് പിതാവ് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് 2.30-ന് വിശുദ്ധ കുർബാനയോടുകൂടി മൃതസംസ്കാരകർമ്മങ്ങളുടെ മൂന്നാം ഭാഗം ആരംഭിച്ചു.

ചേർത്തല മുട്ടം ഫൊറോനാ വികാരി പെരിയ ബഹുമാനപ്പെട്ട ആന്റോ ചേരാന്തുരുത്തി അച്ചനാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചത്. മുട്ടം ഫൊറോനാ പള്ളി മുൻവികാരി ഫാ. ജോസ് ഇടശ്ശേരി, ജോൺ അച്ചന്റെ ബന്ധുക്കളായ ഫാ. സേവ്യർ ആവള്ളിൽ, ഫാ. മാത്യു പൈകട കപ്പൂച്ചിൻ, ജോൺ അച്ചന്റെ ബാച്ചുകാരായ ഫാ. കുര്യാക്കോസ് ഇരവിമംഗലം, ഫാ. തോമസ് നരികുളം, മുട്ടം ഇടവകക്കാരനായ ഫാ. ടോം മുള്ളൻചിറ എന്നിവരാണ് മദ്ബഹയിൽ സഹകാർമ്മികരായത്. അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് ബഹുമാനപ്പെട്ട വർഗീസ് പൊട്ടയ്ക്കൽ അച്ചൻ ആമുഖ സന്ദേശം നല്കി. ഫാ. തോമസ് നരികുളം അച്ചനാണ് വിശുദ്ധ കുർബാന മദ്ധ്യേ വചന സന്ദേശം നർകിയത്.

ജോൺ പൊള്ളേച്ചിറ അച്ചൻ രോഗബാധിതനായി ചികിത്സയിലായി രുന്നുവെങ്കിലും അച്ചന്റെ വേർപാട് ആകസ്മികമായിരുന്നുവെന്ന് ആമുഖ സന്ദേശത്തിൽ ബഹു. വർഗീസ് പൊട്ടയ്ക്കൽ അച്ചൻ സൂചിപ്പിച്ചു. പുഞ്ചിരിയോടെ തന്റെ പൗരോഹിത്യ ജീവിതം ജീവിക്കുകയായിരുന്നു ജോണച്ചൻ. തമ്പുരാന്റെ സ്നേഹത്തിൽ എല്ലാവരേയും ചേർത്ത് പിടിക്കാൻ അച്ചന് സാധിച്ചു. 72 വർഷത്തെ ഇഹലോകജീവിതത്തിൽ 47 വർഷം പുരോഹിതനായി ശുശ്രൂഷ ചെയ്തു. നിറപുഞ്ചിരിയോടുള്ള സംസാരവും, നിഷ്കളങ്കമായ ഇടപെടലും ജോണച്ചന്റെ പ്രത്യേകതകളാ യിരുന്നു. എല്ലാവരേയും സന്തോഷത്തോടെ സ്വീകരിക്കാനും, സൽക്കരി ക്കാനുമുള്ള നല്ല മനസ്സ് അച്ചനെ വ്യതിരിക്തനാക്കി. സ്നേഹത്തിന്റെ ചരടിൽ എല്ലാവരേയും ബന്ധിപ്പിച്ച് നിർത്തി കർത്താവിന്റെ സ്നേഹം ജോണച്ചൻ പകർന്നു നൽകി. പെസഹാനാളിൽ തമ്പുരാന്റെ സന്നി ധിയിലേക്ക് കടന്നുപോയ ബഹുമാനപ്പെട്ട ജോൺ അച്ചൻ കർത്താവി

നോടൊപ്പം ഉയിർപ്പിന്റെ മഹത്വത്തിൽ പങ്കുചേരുമെന്ന പ്രത്യാശ നമ്മെ നയിക്കട്ടെ.

1 തെസ. 4/13-18 വചനങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട തോമസ് നരികുളം അച്ചൻ തന്റെ വചന സന്ദേശം ആരംഭിച്ചത്. ഉയിർപ്പ് തിരുനാളിന്റെ പിറ്റേ ദിവസം നടത്തുന്ന ജോണച്ചന്റെ മൃതസംസ്കാരം വിളിച്ചുപറയുന്നത് മരണം അതിൽതന്നെ അവസാനിക്കുന്നില്ല, മറിച്ച്, അത് മഹത്വത്തിലേക്കുള്ള ചുവടുവയ്പാണ് എന്നാണ്.

യോഹന്നാന്റെ സുവിശേഷം 6-ാം അധ്യായം 47-ാം വചനം ഇപ്രകാരം പറയുന്നു: "എന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്." 5-ാം അധ്യായം 24-ാം വചനത്തിൽ പറയുന്നു: "എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനിൽ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്." 6-ാം അധ്യായം 54-ാം വചനത്തിൽ ഇപ്രകാരം പറയുന്നു: "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്." ഈശോയിൽ വിശ്വസിക്കുവാനും അവിടുത്തെ വചനം അനുസരിച്ച് ജീവിക്കുവാനും വചനം പ്രഘോഷിക്കുവാനും ഈശോയുടെ ശരീരരക്തങ്ങൾ ഉൾക്കൊള്ളാനും തിരുശരീരരക്തങ്ങൾ മറ്റുള്ളവർക്ക് കൊടുക്കാനും കഴിഞ്ഞ ജോൺ അച്ചൻ തീർച്ചയായും നിത്യജീവന് അർഹനാണ്. അദ്ദേഹം മരണശേഷം നിത്യജീവിതത്തിലേക്ക് തന്നെയാണ് കടന്നുപോകുന്നത്.

1977 മാർച്ച് 13-ന് കർദിനാൾ ജോസഫ് പാറേക്കാട്ടിൽ അദ്ദേഹത്തിന് തിരുപ്പട്ടം നൽകിയതിനുശേഷം 47 വർഷത്തിനുള്ളിൽ 20 പള്ളികളിൽ അദ്ദേഹം ശുശ്രൂഷ ചെയ്തിട്ടുണ്ട്. കൂടാതെ, തൃക്കാക്കര ഭാരതമാത കോളേജിലെ ബർസാർ, മൈനർ സെമിനാരിയിലെ വൈസ് റെക്ടർ, ലിസി ആശുപത്രിയിലെ സ്പിരിച്വൽ ഡയറക്ടർ എന്നീ ശുശ്രൂഷകളും വിശ്വസ്തതാപൂർവ്വം അദ്ദേഹം നിറവേറ്റി. പഠനത്തിന്റെ കാര്യത്തിൽ ആയാലും ആത്മീയ ശുശ്രൂഷയുടെ കാര്യത്തിൽ ആയാലും അതീവ തീക്ഷ്ണതയുള്ള വൈദികൻ ആയിരുന്നു ജോൺ അച്ചൻ. അദ്ദേഹം നല്ല അജപാലകനായിരുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ 10-ാം അധ്യായത്തിൽ നല്ല അജപാലകന്റെ ലക്ഷണം കൊടുത്തിട്ടുണ്ട്: നല്ല ഇടയൻ ആടുകളെ പേര് ചൊല്ലി വിളിക്കുന്നു; അവർക്ക് മുൻപേപോകുന്നു; അവരെ സംരക്ഷിക്കാൻവേണ്ടി സ്വന്തം ജീവൻ ബലി അർപ്പിക്കുന്നു. ജോൺ അച്ചനും അപ്രകാരം തന്നെയാണ് ചെയ്തിട്ടുള്ളത്. തന്റെ ആടു

കളെ അറിഞ്ഞു പേര് ചൊല്ലി വിളിച്ചു. അവർക്ക് മുൻപേ നടന്നു. അദ്ദേഹത്തിന്റെ അജഗണങ്ങൾ അദ്ദേഹത്തെ അറിയുകയും അനുസരിക്കുകയും ചെയ്തിരുന്നു.

എല്ലാവരോടും ഇടപഴകാനുള്ള ഒരു പ്രത്യേക വൈഭവം അദ്ദേഹത്തിന് ഉണ്ടായിരുന്നു. എല്ലാവരോടും സൗഹൃദം സ്ഥാപിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. നന്നായിട്ട് പുഞ്ചിരിക്കുമായിരുന്നു. കൊടുക്കുന്നവനെ ദരിദ്രൻ ആക്കാതെ ലഭിക്കുന്നവന് സമ്പന്നനാക്കുന്നതാണ് പുഞ്ചിരി. നന്നായിട്ട് പുഞ്ചിരിക്കാനുള്ള കഴിവ് അദ്ദേഹത്തിന് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം ഒരു സമൂഹമാധ്യമത്തിൽവന്ന മെസ്സേജിൽ പറയുന്നത് ചേർത്തലയിലെ പുഞ്ചിരി മാഞ്ഞുപോയി എന്നാണ്. ഭൂമിയിൽ ആ പുഞ്ചിരി മാഞ്ഞു. എങ്കിലും, സ്വർഗത്തിൽ ആ പുഞ്ചിരി വിരിഞ്ഞു എന്നുള്ളതാണ് യാഥാർത്ഥ്യം. യോഹന്നാന്റെ സുവിശേഷം 1-ാം അധ്യായം 47-ാം തിരുവചനത്തിൽ നഥാനിയേലിനെ കാണുമ്പോൾ യേശു പറയുന്നു: "ഇതാ നിഷ്കപടനായ ഒരു യഥാർത്ഥ ഇസ്രായേൽക്കാരൻ." സഹപാഠികൾ ജോണച്ചനെക്കുറിച്ച് പറയുന്നത് 'ഇതാ നിഷ്കളങ്കനായ ഒരു മനുഷ്യൻ' എന്നാണ്. രൂപത്തിലും ഭാവത്തിലും നിഷ്കളങ്കത പാലിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു.

ഉല്പത്തി പുസ്തകത്തിന്റെ 18-ാം അദ്ധ്യായത്തിൽ മാമ്രേയുടെ ഓക്ക് മരച്ചുവട്ടിൽ വിശ്രമിക്കുന്ന അബ്രഹാം, വഴിയാത്രികരായ മൂന്നു പേരെ സൽക്കരിക്കുന്നതായി നാം കാണുന്നുണ്ട്. അവരെ സൽക്കരിച്ചു; അവർക്ക് ആവശ്യമായ ഭക്ഷണവും വെള്ളവും കൊടുത്തു; അവർക്ക് സന്തോഷമായി; അവർ അദ്ദേഹത്തെ അനുഗ്രഹിച്ചു കടന്നുപോയി. കടന്നുപോയപ്പോഴാണ് അബ്രാഹത്തിന് മനസ്സിലായത് താൻ സൽക്കരിച്ചത് മനുഷ്യരെയല്ല ദൈവത്തെയാണെന്ന്. ജോൺ അച്ചനും അതിഥികളെ സൽക്കരിക്കുന്നതിൽ വളരെ തല്പരനായിരുന്നു. വൈദികരാകട്ടെ, സന്യസ്തരാകട്ടെ, അല്മായരാകട്ടെ, തനിക്കുള്ളത് എന്തും ആർക്കും പങ്കുവെച്ചു കൊടുക്കുന്നതിന് അദ്ദേഹത്തിന് താല്പര്യമുണ്ടായിരുന്നു.

ചെറിയ ചെറിയ നന്മകൾ ചെയ്ത് വലിയ സൗഭാഗ്യം നേടാൻ ജോൺ അച്ചന് സാധിച്ചിട്ടുണ്ട്. തീർച്ചയായും വിശുദ്ധ പൗലോസ് ശ്ലീഹായോടൊപ്പം അദ്ദേഹത്തിനും പറയാൻ സാധിക്കും. ഞാൻ നല്ലവണ്ണം യുദ്ധം ചെയ്തു, എന്റെ ഓട്ടം ഞാൻ പൂർത്തിയാക്കി, ഞാൻ എന്റെ വിശ്വാസം

സംരക്ഷിച്ചു ആകയാൽ നീതിയുള്ള ന്യായാധിപനായ കർത്താവ് ഇന്നേദിവസം എന്നെ നീതിയുടെ മുടി അണിയിക്കുമാറാകട്ടെ. നല്ല മാതൃക നൽകിക്കൊണ്ട് ജോണച്ചൻ കടന്നുപോകുന്നത് ഈശോയോട് ഒപ്പമായിരിക്കാനും അവിടുത്തെ മഹത്വത്തിൽ പങ്കുചേരാനുമാണ്. രോഗത്തിന്റെ അവസാന അവസ്ഥയിൽപോലും അതിനോട് പരിഭവം കാണിക്കാതെ ഈശോയുടെ രക്ഷാകര സഹനത്തോട് ചേർത്തുവച്ച് അത് സഹിക്കാനും മുൻകൂട്ടി ഒരുങ്ങി ആത്മത്തിനുവേണ്ട കാര്യങ്ങൾ, സ്വീകരിക്കാനും അദ്ദേഹത്തിന് സാധിച്ചു. ജീവിതത്തിലും മരണത്തിലും ഈശോയോട് ഒപ്പമായിരുന്ന പൊള്ളേച്ചിറയച്ചനെപ്രതി നമുക്ക് ദൈവത്തെ സ്തുതിക്കാം. അച്ചനിലൂടെ ലഭിച്ച നന്മകൾക്ക് നന്ദി പറയാം.

മൃതസംസ്കാര ശുശ്രൂഷയുടെ അവസാന ഭാഗത്ത് അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ പിതാവാണ് മുഖ്യകാർമ്മികത്വം വഹിച്ചത്. മാർ തോമസ് ചക്യത്ത് പിതാവും സന്നിഹിതനായിരുന്നു. 1980 മുതൽ ജോണച്ചനെ വളരെ വ്യക്തി പരമായി പരിചയമുണ്ടെന്ന് ബോസ്കോ പിതാവ് സൂചിപ്പിച്ചു. അച്ചന്റെ സ്വർഗീയ യാത്രയിൽ അച്ചനെ അടുത്ത് അനുഗമിക്കാനും, അച്ചനെ അതിന് ഒരുക്കാനും, രോഗീലേപനം നൽകാനും പിതാവിന് സാധിച്ചു. വളരെ ശാന്തതയോടുകൂടിയാണ് അച്ചൻ രോഗീലേപനം സ്വീകരിച്ചത് എന്ന് പിതാവ് അനുസ്മരിച്ചു. 'ഇതുവരെ അങ്ങയെ ഞങ്ങൾ അനുഗമിച്ചു: ഇനി സ്വർഗദൂതൻമാർ അങ്ങയെ സ്വർഗീയപിതാവിന്റെ ഭവനത്തിലേക്ക് ആനയിക്കട്ടെ' എന്ന് ജോണച്ചന് ആത്മശാന്തി നേർന്നുകൊണ്ട് പിതാവ് പറഞ്ഞു.

തന്റെ ജീവിതത്തിലൂടെ ക്രിസ്തുവിന് സാക്ഷ്യം നൽകിക്കൊണ്ട് ദൈവജനത്തെ ശുശ്രൂഷിച്ച ജോണച്ചൻ എല്ലാവർക്കും മാതൃകയാണ്. മുഖത്ത് പുഞ്ചിരിയും, ഹൃദയത്തിൽ നിഷ്കളങ്കതയും, ബന്ധങ്ങളിൽ ഊഷ്മളതയും കാത്തുസൂക്ഷിച്ച ബഹുമാനപ്പെട്ട ജോൺ പൊള്ളേച്ചിറ അച്ചന് എറണാകുളം-അങ്കമാലി അതിരൂപതയുടെ സ്നേഹപ്രണാമം!

■



**സി. റിറ്റ MSJ**
(ത്രേസ്യാമ്മ കുഴിപറമ്പിൽ, തൈക്കാട്ടുശ്ശേരി)
നിർമ്മല പ്രൊവിൻസ്, ആലുവ

| | | |
|---|---|---|
| ജനനം | : | 12-09-1935 |
| വ്രതവാഗ്ദാനം | : | 19-03-1960 |
| മരണം | : | 20-03-2024 |



**സി. ശാലോം മണവാളൻ SABS**
എസ്.എച്ച്. കോൺവെന്റ്, കൊരട്ടി

| | | |
|---|---|---|
| ജനനം | : | 25-05-1935 |
| വ്രതവാഗ്ദാനം | : | 25-04-1958 |
| മരണം | : | 09-03-2024 |



**സി. ക്ലെരീസ CHF**
ജീവോദയ പ്രൊവിൻഷ്യൽ ഹൗസ്, ആലുവ

| | | |
|---|---|---|
| ജനനം | : | 02-11-1946 |
| വ്രതവാഗ്ദാനം | : | 08-05-1966 |
| മരണം | : | 04-03-2024 |

# വാർത്തകളും വിശേഷങ്ങളും

## വെല്ലുവിളികൾ നേരിടാൻ ഭരണഘടന: വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സി.ബി.സി.ഐ. മാർഗരേഖ

സമകാലിക സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളിലെ വെല്ലുവിളികൾ നേരിടാനുള്ള മാർഗനിർദേശങ്ങൾ കത്തോലിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി സി.ബി.സി.ഐ. പുറപ്പെടുവിച്ചു. ഇന്ത്യൻ ഭരണഘടനയെ ഉയർത്തിപ്പിടിക്കുക, എല്ലാ കാര്യങ്ങളിലും സുതാര്യതയും മതേതരത്വവും ജാഗ്രതയും പാലിക്കുക തുടങ്ങിയവയാണ് മാർഗനിർദേശങ്ങളുടെ കാതൽ. സ്കൂൾ അസംബ്ലിയിൽ ഭരണഘടനയുടെ ആമുഖം കുട്ടികളെക്കൊണ്ട് ചൊല്ലിക്കുക, സ്ഥാപനത്തിന്റെ കവാടത്തിൽ ഭരണഘടനയുടെ ആമുഖവും സ്ഥാപനത്തിന്റെ ന്യൂനപക്ഷ സർട്ടിഫിക്കറ്റും ആലേഖനം ചെയ്യുക, കത്തോലിക്ക മൂല്യങ്ങളെ അടിസ്ഥാനമാക്കിയുള്ള കാഴ്ചപ്പാട് സ്വീകരിക്കുക, അതേസമയം എല്ലാ മതവിശ്വാസങ്ങളെയും ബഹുമാനിക്കുക, വിവിധ സാമൂഹ്യ പശ്ചാത്തലങ്ങളിൽ നിന്നുള്ള അധ്യാപകരെ ഉൾപ്പെടുത്തുക, സ്കൂളിന് അടച്ചുറപ്പും ചുറ്റുമതിലും ഉറപ്പാക്കുക, നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുക, പ്രമുഖ സ്വാതന്ത്ര്യ സമരസേനാനികൾ, ശാസ്ത്രജ്ഞർ, കവികൾ, ദേശീയ നേതാക്കൾ തുടങ്ങിയവരുടെ ചിത്രങ്ങൾ സ്കൂളിൽ പ്രദർശിപ്പിക്കുക തുടങ്ങിയവയാണ് പ്രധാന നിർദേശങ്ങൾ.

## വിശുദ്ധനാടിനുവേണ്ടി പൗരസ്ത്യ കാര്യാലയത്തിന്റെ സഹായാഭ്യർത്ഥന

ജനങ്ങൾ ദുരിതമനുഭവിക്കുകയും മരിച്ചു വീഴുകയും ചെയ്യുന്ന വിശുദ്ധനാട്ടിലെ സഭകളെ സഹായിക്കണമെന്ന് വത്തിക്കാൻ പൗരസ്ത്യസഭാ കാര്യാലയത്തിന്റെ അധ്യക്ഷൻ കാർഡിനൽ ക്ലൗദിയോ ഗുജെറോത്തി അഭ്യർത്ഥിച്ചു. എല്ലാ വർഷവും ദുഃഖവെള്ളിയാഴ്ച കത്തോലിക്കാ ദേവാലയങ്ങളിൽ ലഭിക്കുന്ന നേർച്ച വിശുദ്ധനാടിനുവേണ്ടി നീക്കിവയ്ക്കുകയാണ് പതിവ്. കഴിഞ്ഞവർഷം ഈ ഇനത്തിൽ 60 കോടിയോളം രൂപ ലഭിച്ചുവെന്ന് പൗരസ്ത്യകാര്യാലയം അറിയിച്ചു. ആഗോളസഭ വിശുദ്ധനാടിനു നൽകുന്ന ഐക്യദാർഢ്യത്തിന്റെ പ്രതീകമായ ഈ പണം ജെറുസലേം, പലസ്തീൻ, ഇസ്രായേൽ, ജോർദാൻ, സൈപ്രസ്, സിറിയൻ, ഈജിപ്ത്, എത്യോപ്യ, എരിത്രിയ, തുർക്കി, ഇറാൻ, ഇറാഖ് എന്നിവിടങ്ങളിലെ അജപാലന, വിദ്യാഭ്യാസ ആവശ്യങ്ങൾക്കായാണ് ചെലവഴിക്കുന്നത്.

# വിശ്വാസപരിശീലനകേന്ദ്രം

1. **BIBLIA FEST 2024** (28th ഇന്റൻസീവ് ബൈബിൾ കോഴ്സ്): ഇന്റൻസീവ് ബൈബിൾ കോഴ്സിന്റെ അതിരൂപതാതലത്തിലുള്ള ഔദ്യോഗികമായ ഉദ്ഘാടനം 2024 മാർച്ച് 01-ാം തീയതി വെള്ളിയാഴ്ച അതിരൂപതാ വിശ്വാസപരിശീലനവിഭാഗം ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ നിർവ്വഹിച്ചു. ഓരോ ഇടവകയുടെയും സമയവും സാഹ ചര്യവും അനുസരിച്ച് IBC അതത് ഇടവകകളിൽ ബഹു. വികാരി യച്ചന്മാർക്ക് ക്രമീകരിക്കാം.

2. **സന്മാർഗബോധന വാർഷിക പരീക്ഷാഫലം:** IV മുതൽ XII വരെ ക്ലാസ്സുകളിലെ വാർഷിക പരീക്ഷയുടെ ഫലങ്ങൾ 2024 മാർച്ച് 15-ാം തീയതി വെള്ളിയാഴ്ച പ്രസിദ്ധീകരിച്ചു.

3. **മൂല്യബോധനപഠനം സംസ്ഥാനതല സ്കോളർഷിപ്പ്:** IV, VII, X, XII ക്ലാസ്സുകളിലെ കുട്ടികൾക്കായി 2024 ഫെബ്രുവരി 10 ശനിയാഴ്ച എറണാകുളം-അങ്കമാലി അതിരൂപതയിലെ സന്മാർഗബോധന വിഭാഗം കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷന്റെ നേതൃത്വത്തിൽ നടത്തിയ മൂല്യബോധനപഠനം സ്കോളർഷിപ്പ് പരീക്ഷയിൽ എറണാ കുളം-അങ്കമാലി അതിരൂപതയിൽ സ്കോളർഷിപ്പ് കരസ്ഥമാക്കിയ കുട്ടികളുടെ പേരുകളും സ്കൂളുകളും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| Class VII | - 2nd Rank: | Helen Rose - St. Antony's U.P. School, Elavoor. |
| Class VII | - 3rd Rank: | Athulya Rajendran - St. Mary's U.P. School, Manjapra |
| Class X | - 2 nd Rank: | Shifana A.S. - Holy Family H.S., Angamaly |
| Class X | - 3rd Rank: | Avani Krishna V.U. - St. Joseph's C G H.S. School, Tripunithura |
| Class X | - 1st Rank: | Ananya Varghese - Little Flower Public School Muringoor (English Medium) |
| Class XII | - 2rd Rank: | Amal Dileep - Mary Matha Public School, Thrikkakara (English Medium) |

വിജയികളായവർക്ക് അഭിനന്ദനങ്ങളും, പരീക്ഷക്കായി കുട്ടികളെ ഒരുക്കിയവർക്ക് നന്ദിയും നേരുന്നു.

4. **2023-2024 അദ്ധ്യയന വർഷത്തിലെ കാറ്റിക്കിസം ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്:** രണ്ടാം വർഷ ഡിപ്ലോമ 2nd Session: 2024 ഏപ്രിൽ 14, 15 (ഞായർ, തിങ്കൾ) തീയതികളിലും, ഒന്നാം വർഷ ഡിപ്ലോമ 2nd Session: 2024 മെയ് 03, 04 (വെള്ളി, ശനി) തീയതികളിലും ആയിരിക്കും. കോഴ്സിന്റെ അവസാന ദിവസം പരീക്ഷ ഉണ്ടാകും.

5. **സ്പർശ് പ്രോഗ്രാം:** ഏപ്രിൽ 19, 20, 21 തീയതികളിൽ (വെള്ളി, ശനി, ഞായർ) 10, 11, 12 ക്ലാസ്സുകളിലെ ലീഡേഴ്സിനായി ആലുവ ചൂണ്ടി നിവേദിതയിൽ സ്പർശ് പ്രോഗ്രാം നടത്തുന്നു. ഓരോ ഇടവക യിൽനിന്നും 2 കുട്ടികളെ കണ്ടെത്തി ഈ പ്രോഗ്രാമിനായി പറഞ്ഞു വിടാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

6. **DomusCat Fest:** വിശ്വാസപരിശീലനരംഗത്തിന് ലഭിച്ച ദൈവപരിപാലനയുടെ അതുല്യമായ സാക്ഷ്യപ്പെടുത്തലും അതി ജീവനത്തിന്റെ പകരം വയ്ക്കാനാകാത്ത നാമവുമാണ് എറണാകുളം-അങ്കമാലി അതിരൂപത DomusCat Online Programme. 2020 മാർച്ചിൽ കോവിഡ് മഹാമാരിയേയും സമ്പൂർണ്ണ ലോക്ക്ഡൗണിനേയും വകഞ്ഞുമാറ്റി നിശ്ചയദാർഢ്യത്തോടെ ആരംഭിച്ച് ആത്മീയതലത്തിലും വിശ്വാസപരിശീലനരംഗത്തും ചലനം സൃഷ്ടിക്കാൻ എറണാകുളം-അങ്കമാലി അതിരൂപത ഓൺലൈൻ പ്രോഗ്രാമായ DomusCat ന് സാധിച്ചു. നിരവധി പ്രോഗ്രാമുകൾ ആവിഷ്ക്കരിച്ചപ്പോൾ എത്രയോ പേരാണ് ക്ലാസ്സുകൾ എടുക്കാനും വീഡിയോകൾ ചെയ്യാനും എഡി റ്റിംഗ് നിർവ്വഹിക്കാനും നേതൃത്വം കൊടുക്കാനും മുന്നോട്ടു വന്നത്. ദൈവാനുഗ്രഹത്താൽ സഹായം ചോദിച്ചവരെല്ലാം സാമ്പത്തിക ഭാരംപോലും ഏറ്റെടുത്ത് ഔദാര്യത്തോടെ സഹകരിച്ചു എന്നുള്ളത് അഭിമാനകരമായ കാര്യമാണ്. ദൈവശുശ്രൂഷയുടെ മഹനീയ ത്യാഗത്തിനു മുമ്പിൽ നന്ദി അർപ്പിക്കുന്നു.

കാറ്റിക്കിസം ക്ലാസ്സുകൾ, ഓർമ്മയിലൊരച്ചൻ, വിയാനിചരിതം, Lumen Christi, Jesus & Kids, Action Songs, Tips & Thoughts, Didache, Exam Model Questions, Quiz Programmes, Blessed, Sacraments, etc. Goodness TV യിലൂടെ DomusCat Programmes, സീറോമലബാർ കാറ്റിക്കിസം

കമ്മീഷനുവേണ്ടി Std. V ലെ ഓൺലൈൻ ക്ലാസ്സുകൾ എന്നിങ്ങനെ നിരവധി ഓൺലൈൻ പ്രോഗ്രാമുകൾ. ആയിരക്കണക്കിനു വീഡിയോകൾ ക്ലാസ്സുകളായി ലഭ്യമാക്കി. അതിരൂപതയിലെ എല്ലാ ഇടവകകളെയും കോർത്തിണക്കിയും ഉൾക്കൊള്ളിച്ചും നിരവധി പ്രോഗ്രാമുകളും കുർബാനയും മറ്റും ലൈവായി നൽകി. സീറോ മലബാർ കാറ്റിക്കിസം പുസ്തകത്തിൽ നൽകിയിട്ടുള്ള 1 മുതൽ 7 വരെ ക്ലാസ്സുകളിലെ പാട്ടുകൾക്ക് ഈണം പകരുകയും അവ Action Songs ആയി നൽകുകയും ചെയ്യുന്നത് എറണാകുളം-അങ്കമാലി അതിരൂപതയുടെ മാത്രം പ്രത്യേകതയാണ്. DomusCat Songs എന്ന പേരിലാണ് ഇവ ലഭ്യമാക്കിയിരിക്കുന്നത്.

Catechismernakulam, Media Catechetical Ministry എന്നീ YouTube Channel കളിലൂടെ ക്ലാസ്സുകൾ നയിക്കുകയും സഹായിക്കുകയും ചെയ്ത എല്ലാവരേയും ആദരിക്കുന്നതിനുവേണ്ടി ഒരുക്കിയ DomusCat Fest 2024 മാർച്ച് 09 ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണിക്ക് കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. DomusCat പദ്ധതിക്ക് നിർലോഭമായ സഹകരണം നൽകിയ എല്ലാവരേയും വിളിച്ചുകൂട്ടി എറണാകുളം-അങ്കമാലി അതിരൂപത വിശ്വാസപരിശീലനവിഭാഗം ഡയക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴയച്ചൻ ട്രോഫിയും സമ്മാനവും നൽകി ആദരിച്ചു. Catechismernakulam YouTube Channel ൽ 1,01,250 Subscribers ആയി Silver Play Button കരസ്ഥമാക്കിയെന്ന അപൂർവ്വനേട്ടത്തിനു മുന്നിലും പിന്നിലുമുള്ള നിങ്ങളുടെ നിർലോഭമായ സഹായ സഹകരണങ്ങൾ വിലമതിക്കാനാകാത്തതാണ്. ദൈവവചനപ്രഘോഷണ ശുശ്രൂഷാമേഖലയ്ക്ക് നിങ്ങളേകിയ സഹകരണത്തിനു ഹൃദയപൂർവ്വം കൃതജ്ഞത അറിയിക്കുന്നു. സ്നേഹനിധിയായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

**7. പുസ്തക പ്രകാശനം:** ആദ്യകുർബാന സ്വീകരണത്തിനായി ഒരുങ്ങുന്ന കുട്ടികൾക്കുവേണ്ടി റവ. ഡോ. പീറ്റർ കണ്ണമ്പുഴ എഡിറ്റ് ചെയ്ത് തയ്യാറാക്കിയ 'ആദ്യകുർബാന സ്വീകരണം' എന്ന പുതിയ പുസ്തകം 2024 മാർച്ച് 09-ാം തീയതി DomusCat Fest ന്റെ മീറ്റിങ്ങിൽ വച്ച് കാക്കനാട് സെന്റ് ഫ്രാൻസീസ് അസ്സീസി ഇടവകയിലെ വിശ്വാസ

പരിശീലന പ്രധാനാധ്യാപകൻ ശ്രീ. ജോസ് തച്ചിലിന് ആദ്യപ്രതി നൽകി പ്രകാശനകർമ്മം നിർവ്വഹിച്ചു. കൂടാതെ പ്രൊഫ. വർഗീസ് പുളിക്കൽ തയ്യാറാക്കിയ 'ക്രൈസ്തവ നാടകങ്ങൾ' എന്ന പുസ്തകം അതിരൂപത വിശ്വാസപരിശീലന അസി. ഡയറക്ടർ ആന്റണി നടുവത്തുശ്ശേരിയച്ചനും റവ ഡോ. പീറ്റർ കണ്ണമ്പുഴ എഡിറ്റ് ചെയ്ത് തയ്യാറാക്കിയ കഥകളിലൂടെ 'നല്ല ശീലങ്ങളും മൂല്യങ്ങളും' എന്ന പുസ്തകം അതിരൂപത സെക്രട്ടറി സിസ്റ്റർ സി. കിരൺ ജോസിനും നൽകിയാണ് പ്രകാശനകർമ്മം നിർവ്വഹിച്ചത്.

8. **ആദരവും നന്ദിയും:** 2019 മാർച്ച് 09 മുതൽ 2024 മാർച്ച് 16 വരെ അഞ്ച് വർഷക്കാലം സ്തുത്യർഹമായ രീതിയിൽ എറണാകുളം-അങ്കമാലി അതിരൂപത വിശ്വാസപരിശീലന-സന്മാർഗ്ഗബോധന വിഭാഗത്തെ നയിച്ചുകൊണ്ടിരുന്ന ഡയറക്ടർ റവ ഡോ. പീറ്റർ കണ്ണമ്പുഴയച്ചന് 2024 മാർച്ച് 09-ാം തീയതി ശനിയാഴ്ച യാത്രയയപ്പ് മംഗളങ്ങൾ നേർന്നു. കോവിഡ് പ്രതിസന്ധിയെ അതിജീവിച്ചുകൊണ്ട് ഏകദേശം രണ്ടര വർഷക്കാലം DomusCat Online Programme ലൂടെ വിശ്വാസപരിശീലനത്തിന് അദ്ദേഹം മാതൃകാപരമായ നേതൃത്വമാണ് നൽകിയത്. വിശ്വാസ പരിശീലനരംഗത്തിന് മികവേകുന്ന ക്രിയാത്മകമായ പദ്ധതികൾ KidCat Series പ്രോഗ്രാമിലൂടെ ആവിഷ്ക്കരിച്ചു. KidCat Series 01 മുതൽ KidCat Series - 30 വരെയുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. വിശ്വാസപരിശീലന കേന്ദ്രഓഫീസിന്റെ നവീകരണവും പുതിയ വാഹനവും സാമ്പത്തികഭദ്രതയും ഉറപ്പുവരുത്തി. പരീക്ഷയുടെ ചോദ്യ പേപ്പറുകൾക്ക് പുതിയ മാതൃക ഉൾപ്പെടെ കാലികമായ നിരവധി പരിഷ്ക്കാരങ്ങളും മാറ്റങ്ങളും വരുത്തിയാണ് അദ്ദേഹം വിശ്വാസ പരിശീലനവിഭാഗത്തിൽനിന്നും യാത്രയാകുന്നത്. എറണാകുളം-അങ്കമാലി അതിരൂപത വിശ്വാസപരിശീലന-സന്മാർഗ്ഗബോധന പ്രവർത്തനങ്ങൾ നൂതനവും കാര്യക്ഷമവുമാക്കാൻ റവ ഡോ. പീറ്റർ കണ്ണമ്പുഴയച്ചൻ കഠിനാദ്ധ്വാനം ചെയ്തു. ആത്മാർത്ഥതയും അർപ്പണബോധവും നിറഞ്ഞ ആ കഠിനാദ്ധ്വാനമാണ് ഇന്ന് മറ്റനേകം രൂപതകൾ പോലും അനുകരിക്കുന്ന ഒട്ടേറെ വിശ്വാസപരിശീലന പദ്ധതികളും പ്രവർത്തനങ്ങളുമായി മാറിയത്.

2024 മാർച്ച് 16-ാം തീയതി പള്ളിപ്പുറം ഫൊറോനപ്പള്ളിയുടെ വികാരി യായി ശുശ്രൂഷ ഏറ്റെടുക്കുന്ന ബഹു. പീറ്ററച്ചന് വിശ്വാസപരിശീലന കുടുംബത്തിന്റെ നന്ദിയും കടപ്പാടും പ്രാർത്ഥനാശംസകളും നേരുന്ന തിനായി കാറ്റിക്കിസം കമ്മീഷൻ സെക്രട്ടറി റവ ഫാ. തോമസ് മേൽവട്ടം, അതിരൂപത വിശ്വാസപരിശീലന അസി. ഡയറക്ടർ ഫാ. ആന്റണി നടുവത്തുശ്ശേരി, ഫൊറോന ഡയറക്ടർ അച്ചന്മാരുടെ പ്രതിനിധി റവ ഫാ. പോൾ മേലേടത്ത്, ഫൊറോന സെക്രട്ടറിമാരുടെ പ്രതിനിധി സി. ദീപാ ജോസ്, പ്രൊമോട്ടർമാരുടെ പ്രതിനിധി ശ്രീമതി. മിന്നി ലൂക്ക്, ഓൺലൈനിലൂടെ ക്ലാസ്സുകൾ നയിച്ചവരുടെ പ്രതിനിധി ശ്രീ. സജീവ് പാറേക്കാട്ടിൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. അതിരൂപത സെക്രട്ടറി സി. കിരൺ ജോസ് എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു. നിരവധിപേർ ഈ മീറ്റിങ്ങിൽ സന്നിഹിതരായിരുന്നു.

9. **വിശ്വാസപരിശീലകരുടെ കൺവെൻഷൻ:** 2024 മാർച്ച് 17 ഞായറാഴ്ച മഞ്ഞപ്ര ഫൊറോനയിലെ വിശ്വാസപരിശീലകരുടെ കൺവെൻഷൻ (കാൽവരി മീറ്റ്) അയ്യംമ്പുഴ സെന്റ് മേരീസ് പള്ളിയിൽ രാവിലെ 10.00 മണി മുതൽ ഉച്ചയ്ക്ക് 12.30 മണി വരെ നടന്നു. അതിരൂപത വിശ്വാസപരിശീലന അസി. ഡയറക്ടർ ബഹു. ഫാ ആന്റണി നടുവത്തുശ്ശേരി പങ്കെടുത്തു.

10. **ഫൊറോന കാറ്റിക്കിസം ഡയറക്ടേഴ്സ് മീറ്റിങ്ങും നന്ദിയും:** 2024 മാർച്ച് 06-ാം തീയതി വ്യാഴാഴ്ച ഫൊറോന ഡയറക്ടർ അച്ചന്മാർ കാറ്റിക്കിസം ഓഫീസിൽ ഒരുമിച്ചുകൂടി. ഇന്റൻസീവ് ബൈബിൾ കോഴ്സ്, എറണാകുളം-അങ്കമാലി അതിരൂപത വിശ്വാസപരിശീലന വിഭാഗത്തിന്റെ അതിരൂപത ഡയറക്ടർ, ഫൊറോന ഡയറക്ടർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച് പുതിയ പ്രവർത്തന മേഖലകളിലേക്ക് യാത്രയാക്കുന്നവർക്ക് നന്ദി അർപ്പിക്കുക എന്നതായി രുന്നു മീറ്റിങ്ങിന്റെ വിഷയങ്ങൾ. ഫൊറോന ഡയറക്ടർമാരായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച് പുതിയ പ്രവർത്തനമേഖലകളി ലേക്ക് യാത്രയാകുന്ന ബഹുമാനപ്പെട്ട അനിൽ കിളിയേലികുടി അച്ചൻ, ജോമോൻ ശങ്കുരിക്കലച്ചൻ, ടോം മുള്ളൻച്ചിറയച്ചൻ, വിനു കുന്നേൽ അച്ചൻ എന്നിവർക്ക് അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നന്ദിയും കടപ്പാടും പ്രാർത്ഥനാശംസകളും നേർന്നു.

**11. അതിരൂപതാ ഡയറക്ടർ:** എറണാകുളം-അങ്കമാലി അതിരൂപത വിശ്വാസപരിശീലനവിഭാഗത്തിന്റെയും സന്മാർഗ്ഗബോധന വിഭാഗത്തിന്റെയും പുതിയ ഡയറക്ടറായി റവ ഫാ. പോൾ മോറേലിയച്ചൻ ഉത്തരവാദിത്തം ഏറ്റെടുക്കുന്നു.

**12. കാറ്റിക്കിസം ജനറൽ കൗൺസിലിന്റെയും പ്രധാനാധ്യാപകരുടെയും മീറ്റിങ്:** 2024 മെയ് 26-ാം തീയതി ഞായറാഴ്ച ജനറൽ കൗൺസിലിന്റെയും പ്രധാനാധ്യാപകരുടെയും മീറ്റിങ് രാവിലെ റിന്യൂവൽ സെന്ററിൽ.

**13. വിശ്വാസപരിശീലനവർഷം ഉദ്ഘാടനവും അവാർഡ് ദാനവും:** 2024 മെയ് 26 ഞായറാഴ്ച: 2024-25 വിശ്വാസപരിശീലനവർഷം ഉദ്ഘാടനവും എറണാകുളം-അങ്കമാലി അതിരൂപതയിൽ 2023-24 വിശ്വാസപരിശീലനവർഷത്തിൽ 4 മുതൽ 12-ാം ക്ലാസ്സുവരെയുള്ള A+ കരസ്ഥമാക്കി സ്കോളർഷിപ്പിന് അർഹരായ കുട്ടികൾക്കുള്ള സമ്മാനദാനവും അതിരൂപതാതലത്തിൽ നടക്കുന്നു.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200, E-Mail : jeevalayafamilypark@gmail.com

## 2024 ഏപ്രിൽ - മെയ്

### വിവാഹഒരുക്ക ധ്യാനം (MPR)

ഏപ്രിൽ 02-04 (കാലടി)
ഏപ്രിൽ 08-10 (കലൂർ)
ഏപ്രിൽ 16-18 (കാലടി)
ഏപ്രിൽ 22-24 (കലൂർ)
ഏപ്രിൽ 30-02(കാലടി)
മെയ് 06-08 (കലൂർ)
മെയ് 14-16 (കാലടി)
മെയ് 20-22 (കലൂർ)
മെയ് 24-26 (ചേർത്തല, നൈപുണ്യ)
മെയ് 28-30 (കാലടി)

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### ബേബിഷൈൻ ധ്യാനം (Contact: 8078334522)

ഏപ്രിൽ 05-07

### സ്നേഹജ്വാല ഹോം മിഷൻ

ഏപ്രിൽ 07- വിജോപുരം

### അനുയാത്ര (ഓൺലൈൻ)

യുവദമ്പതികൾക്കുള്ള തുടർപരിശീലന പരിപാടി
ഏപ്രിൽ 07

### ദമ്പതീധ്യാനം (Contact: 8078334522)

ഏപ്രിൽ11-14

### സ്നേഹജ്വാല (ദാമ്പത്യപരിപോഷണ പരിശീലനം)

ഏപ്രിൽ 12 - വിജോപുരം

### പാരന്റിംഗ് ധ്യാനം (Contact: 8078334522)

മെയ് 17-19

### സിംഗിൾ പാരന്റിംഗ് സംഗമം

ഏപ്രിൽ 20

**വിധവാ ധ്യാനം** (Contact: 9400929111)

ഏപ്രിൽ 21-23

## Love Forever

(One day Couples Programme) (Contact: 8078334522)

ഏപ്രിൽ 21

## Domum Visita

(Home Visit Training Programme for Religious) (Contact: 9446559366)

ഏപ്രിൽ 23-25

## അറിയിപ്പ്

കുട്ടികളുടെ ആദ്യ കുർബാന സ്വീകരണത്തോടനുബന്ധിച്ച് വികാരിയച്ചന്മാർ ആവശ്യപ്പെടുന്നപക്ഷം ഇടവകകളിൽ മാതാപിതാക്കൾക്കുവേണ്ടി പാരന്റിംഗ് സെമിനാർ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്.

**പ്രാർത്ഥനാശംസകളും നന്ദിയും**

അതിരൂപത കുടുംബപ്രേഷിതകേന്ദ്രം അസിസ്റ്റന്റ് ഡയറക്ടറായി രണ്ട് വർഷക്കാലം സ്തുത്യർഹമായ സേവനം ചെയ്ത ബഹുമാനപ്പെട്ട സാൻജോ കണ്ണമ്പിള്ളി അച്ചന് നന്ദിയും പുതിയ അജപാലനരംഗത്ത് പ്രാർത്ഥനാശംസകളും നേരുന്നു. ഫൊറോനാ ഡയറക്ടർമാരായി പ്രവർത്തിച്ച ഫാ. ജോൺസൻ കൂവേലി (വൈക്കം), ഫാ. ബാബു കളത്തിൽ (വല്ലം) എന്നിവർക്കും സ്നേഹനിർഭരമായ നന്ദി!

**സ്വാഗതം**

അതിരൂപത കുടുംബപ്രേഷിതകേന്ദ്രം അസിസ്റ്റന്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹുമാനപ്പെട്ട ചാൾസ് തെറ്റയിൽ അച്ചന് ഹൃദ്യമായ സ്വാഗതവും സ്നേഹാശംസകളും!

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) നൈപുണ്യ ഇന്റർനാഷണൽ, കോർപ്പറേറ്റ് ഓഫീസ്

**Contact: 9446339966, 0484-2381947**

- **Overseas Education**

  Attention Plus Two Students!
  Applications Open for Australia, Germany, Canada, Newzealand, UK, Ireland and European Destiantions.

- Intakes 2024 - July, September, November
- IELTS offline & online classes (New batches on all Mondays)

- **NICE (Naipunnya International Communicative English)**
- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ് ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവരെ സ്വാഗതം ചെയ്യുന്നു.

- **അവധിക്കാല കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സ്:**
- അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ഏപ്രിൽ മാസത്തിലും 11-ാം ക്ലാസ്സ് മുതലുള്ളവർക്ക് മെയ് മാസത്തിലും ക്ലാസ്സ് ഉണ്ടായിരിക്കും.

## 2) നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ

**Contact: 9544919144 , 9072919144**

- ഇറ്റാലിയൻ കോഴ്സ് (A1, A2) ഏപ്രിലിൽ ആരംഭിക്കും
- ജർമ്മൻ കോഴ്സ് (A1) ഏപ്രിലിൽ ആരംഭിക്കും
- അവധിക്കാല ജർമൻ കോഴ്സിലേക്കുള്ള ആദ്യബാച്ച് ഏപ്രിൽ മാസത്തിൽ ആരംഭിച്ച് മെയ് 3-ന് അവസാനിക്കുന്നു, രണ്ടാമത്തെ ബാച്ച് മെയ് 6-ന് ആരംഭിച്ച് മെയ് 31-ന് അവസാനിക്കുന്നു.
- ഫ്രഞ്ച് കോഴ്സ് ഓൺലൈൻ ബാച്ച് (A1) ഏപ്രിൽ മാസം ആരംഭിക്കുന്നു.

- സ്പാനിഷ് കോഴ്സ് ഓൺലൈൻ ബാച്ച് (A1) ഏപ്രിൽ മാസം ആരംഭിക്കുന്നു
- സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ, NICSA & ടെസ്റ്റ് സീരീസ് ബാച്ചിലേക്കുള്ള (ജൂൺ) അഡ്മിഷൻ ആരംഭിച്ചു (2024–2025).
- KAS കോച്ചിംഗ് ക്ലാസ്സിലേക്കുള്ള (ഓഫ്ലൈൻ & ഓൺലൈൻ) അഡ്മിഷൻ തുടരുന്നു (2024–2025)
- സിവിൽ സർവീസ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ തുടരുന്നു

## 3) നൈപുണ്യ അക്കാദമി, തൃക്കാക്കര

**Contact: 9544919133, 9947349966**

- UGC NET/JRF PAPER I & PAPER II (Batch for 2024 June exam)
- BANK (IBPS, PO, CLERK, SO) (new admission all Mondays)
- SSC (CGL, CHSL, MTS) (new admission all Mondays)
- C-MAT, K-MAT (admission for next Exam)
- PSC - LDC 2024 (new admission all Mondays)
- IELTS - Regular class (all Mondays new batch)
- PTE (Pearson Test of English) (all Mondays new batch)
- Tuition for Std. 8, 9, 10 classes (Science & Maths)
- SET (Regular class)

## 4) നൈപുണ്യ ഇന്റർനാഷണൽ, L.F. കാമ്പസ്, അങ്കമാലി

**Contact: 9544919155, 9633338433**

IELTS, OET, PTE തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്നു. കൂടാതെ, കോളേജുകൾ കേന്ദ്രീകരിച്ചുള്ള വിദേശ വിദ്യാഭ്യാസ പരിശീലന പരിപാടികളും നടത്തി വരുന്നു.

## 5) നൈപുണ്യ ഇന്റർനാഷണൽ, പാലാ

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

# AICO

## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

| | |
|---|---|
| ഫെബ്രു. 26 | ഭാരത മാതാ കോളേജ് എഡ്യുക്കേഷണൽ ട്രസ്റ്റ് |
| മാർച്ച് 07 | നിവേദിത, ചുണങ്ങംവേലി |
| മാർച്ച് 09 | ലിസി ഹോസ്പിറ്റൽ |
| മാർച്ച് 22 | നൈപുണ്യ ചാരിറ്റബിൾ സൊസൈറ്റി |
| മാർച്ച് 27 | വെൽഫെയർ സർവ്വീസസ്, എറണാകുളം |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| ഫെബ്രു. 28 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| മാർച്ച് 01 | 1. മാർ ലൂയിസ്, കറുകുറ്റി<br>2. ഭാരത മാതാ കോളേജ്, തൃക്കാക്കര |
| മാർച്ച് 05 | 1. നൈപുണ്യ കോളേജ്, പൊങ്ങം<br>2. ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി<br>3. നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| മാർച്ച് 11 | ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| മാർച്ച് 13 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| മാർച്ച് 20 | 1. നൈപുണ്യ കോളേജ്, പൊങ്ങം<br>2. എൽ.എഫ്. ഹോസ്പിറ്റൽ അനക്സ്, മുന്നൂർപ്പിള്ളി |
| മാർച്ച് 22 | 1. ഔവർ ലേഡി ഓഫ് ഫാത്തിമ ചർച്ച്, വെസ്റ്റ് കൊരട്ടി<br>2. ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| മാർച്ച് 25 | ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോസിഞ്ചെല്ലൂസ്**

# സ്നേഹശുശ്രൂഷാലയം

## (ചിറ്റൂർ ധ്യാനകേന്ദ്രം)

## ഏപ്രിൽ-മെയ് മാസങ്ങളിലെ ധ്യാനങ്ങൾ

**ആന്തരിക സൗഖ്യധ്യാനം**

| | |
|---|---|
| വെള്ളിയാഴ്ചതോറും | വൈകുന്നേരം 5.00 മണി മുതൽ ബുധനാഴ്ച രാവിലെ 7.30 വരെ |

**Abide യുവജന ധ്യാനം**

| | |
|---|---|
| ഏപ്രിൽ 10 ബുധൻ | രാവിലെ 9.00 മണി മുതൽ 14 ഞായർ ഉച്ചയ്ക്ക് 2.00 മണിവരെ |
| മെയ് 10 വെള്ളി | രാവിലെ 9.00 മണി മുതൽ 14 ചൊവ്വ ഉച്ചയ്ക്ക് 2.00 മണി വരെ |

**ദമ്പതി ധ്യാനം**

| | |
|---|---|
| ഏപ്രിൽ 1 തിങ്കൾ | വൈകുന്നേരം 5.00 മണി മുതൽ 5 വെള്ളി രാവിലെ 9.00 മണിവരെ |

**ക്രിസ്റ്റീൻ ധ്യാനം (4, 5, 6, 7, 8 ക്ലാസ്സുകളിലെ കുട്ടികൾക്ക്)**

| | |
|---|---|
| ഏപ്രിൽ 19 വെള്ളി | വൈകുന്നേരം 5.00 മണി മുതൽ 23 ചൊവ്വ ഉച്ചയ്ക്ക് 2.00 മണിവരെ |
| മെയ് 24 വെള്ളി | വൈകുന്നേരം 5.00 മണി മുതൽ 28 ചൊവ്വ ഉച്ചയ്ക്ക് 2.00 മണിവരെ |

**ജീസസ് റ്റീൻ ധ്യാനം (9, 10, 11 ക്ലാസുകളിലെ കുട്ടികൾക്ക്)**

| | |
|---|---|
| ഏപ്രിൽ 24 ബുധൻ | രാവിലെ 9.00 മണി മുതൽ 28 ഞായർ ഉച്ചയ്ക്ക് 2.00 മണിവരെ |

**പെന്തക്കുസ്ത ഒരുക്ക ധ്യാനം**

| | |
|---|---|
| മെയ് 15 ബുധൻ | രാവിലെ 9.00 മണി മുതൽ 19 ഞായർ ഉച്ചയ്ക്ക് 2.00 മണിവരെ |

**ഏകദിന ധ്യാനം (ഉപവാസ പ്രാർത്ഥന)**

| | |
|---|---|
| വെള്ളിയാഴ്ചതോറും | രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്ക് 2.30 വരെ |

**ഫാ. ജോസ് ഉപ്പാണി**
**ഡയറക്ടർ**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## വനിതോത്സവ് – ത്രിദിന വനിതാദിനാഘോഷം

സഹൃദയയുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന വനിതാ സ്വയംസഹായ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ, നബാർഡ്, കൊച്ചി എഫ്.എം. റേഡിയോ, എറണാകുളം ജില്ലാ ലീഗൽ സർവീസ് അതോറിറ്റി, തൃപ്പൂണിത്തുറ ഫൊറോനാ പള്ളി എന്നിവരുടെ സഹകരണത്തോടെ അന്തർദേശീയ വനിതാദിനത്തിൻറെ ഭാഗമായി തൃപ്പൂണിത്തുറയിൽ ത്രിദിന വനിതാദിനാഘോഷം വനിതോത്സവ് സംഘടിപ്പിച്ചു. വനിതാ സംഗമം, വനിതാദിന റാലി, എക്സിബിഷൻ, മെൻസ്ട്രുവൽ കപ്പ് വിതരണ കാമ്പയിൻ, മെഡിക്കൽ ക്യാമ്പുകൾ, കലാകായിക മത്സരങ്ങൾ, കലാസന്ധ്യ തുടങ്ങിയവ വനിതോത്സവിന്റെ ഭാഗമായിരുന്നു.

## ഹരിതകർമ സേന പരിശീലനം

ഇടുക്കി ജില്ലയിലെ കുടയത്തൂർ, അറക്കുളം, വെള്ളിയാമറ്റം, ആലക്കോട്, വണ്ടിപ്പെരിയാർ, പീരുമേട്, ഏലപ്പാറ എറണാകുളം ജില്ലയിലെ മുളവുകാട്, കടമക്കുടി, എളംകുന്നപ്പുഴ, ചേരാനല്ലൂർ, കറുകുറ്റി, തുറവൂർ, കാഞ്ഞൂർ, മഞ്ഞപ്ര, മലയാറ്റൂർ ഗ്രാമപഞ്ചായത്തുകളിലെ ഹരിതകർമ സേനാംഗങ്ങൾക്ക് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ത്രിദിന ശേഷി വികസന പരിശീലനം നൽകി.

## വിമൻ എംപവർമെന്റ് ക്ലാസ്സ്

സഹൃദയ, കോൺഫെറെൻസാ എപ്പിസ്കോപ്പൽ ഇറ്റാലിയാനയുമായി സഹകരിച്ച് നടപ്പാക്കുന്ന വിമൻ എംപവർമെന്റ് പദ്ധതിയുടെ ഭാഗമായി സ്ത്രീ ശാക്തീകരണവും, ബിസിനസ് ഡെവലപ്മെന്റും എന്ന വിഷയത്തെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ് പള്ളുരുത്തി, നായത്തോട്, കാലടി, മുരിങ്ങൂർ, പൊന്നൂരുന്നി, പറവൂർ, ഞാറല്ലൂർ, ഈസ്റ്റ് ചേരാനെല്ലൂർ, ചുള്ളി, പൊതിയക്കര എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

## സംഘങ്ങളുടെ ക്രെഡിറ്റ് ക്യാമ്പ്

നടുവട്ടം, പുല്ലുവഴി, കോടനാട്, കിടങ്ങൂർ, അയിരൂർ, കുത്തിയതോട് (ന്യൂ), വിലങ്ങ്, ഞാറല്ലൂർ, കൊട്ടാരപ്പിള്ളി എന്നി ഇടവകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ ക്രെഡിറ്റ് ക്യാമ്പ്

നടത്തി. വിവിധ സ്വയം തൊഴിൽ പദ്ധതികളുടെ വിപുലീകരണ ത്തിനായി വായ്പ അനുവദിച്ചു.

**ആശാദീപം സ്തനാർബുദ സാധ്യതാ പരിശോധനാ ക്യാമ്പ്**

സഹൃദയ നടപ്പാക്കി വരുന്ന ആശാകിരണം കാൻസർ സുരക്ഷാ പദ്ധതി യുടെ ആഭിമുഖ്യത്തിൽ, വി ഗാർഡിന്റെ സഹകരണത്തോടെ നടപ്പാ ക്കുന്ന സ്തനാർബുദ സാധ്യതാ നിർണയ പരിശോധന ക്യാമ്പിന്റെ ഉദ്ഘാടനം എറണാകുളം എം പി ഹൈബി ഈഡൻ നിർവഹിച്ചു. കിഴക്കുംമുറി, ഞാറക്കൽ, മൂഴിക്കുളം, വെസ്റ്റ് കൊരട്ടി, ഈസ്റ്റ് ചേരാ നല്ലൂർ, ചുള്ളി, കരിപ്പശ്ശേരി, നീറിക്കോട്, പുഷ്പഗിരി, പാണാവള്ളി, മൂന്നാംപറമ്പ് എന്നിവിടങ്ങളിലും ക്യാമ്പ് സംഘടിപ്പിച്ചു.

**സാമ്പത്തിക സാക്ഷരതാ ക്ലാസ്സ്**

സഹൃദയ ആനിമേറ്റർമാരുടെ മേഖലാതല യോഗങ്ങളിൽ സാമ്പത്തിക സാക്ഷരത ക്ലാസ് സംഘടിപ്പിച്ചു. ആർബിഐ ഫിനാൻഷ്യൽ ലിറ്ററസി പ്രോഗ്രാം കൗൺസിലർ റാണി ക്ലാസ്സ് നയിച്ചു.

**സ്വയം സഹായ സംഘങ്ങളുടെ വാർഷികം**

മുരിങ്ങൂർ, കുറുമശ്ശേരി, വെസ്റ്റ് കൊരട്ടി, പൊതിയക്കര ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികവും ശാക്തീകരണ ക്ലാസും സംഘടിപ്പിച്ചു.

**ജെ.എൽ.ജി. ഗ്രൂപ്പ് രൂപീകരണം**

സഹൃദയ വെസ്കോ ക്രെഡിറ്റും ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന ജെ.എൽ.ജി.-കൾ അട്ടാറ, തെങ്ങോട്, കോളങ്ങായി, ആരക്കുന്നം, താബോർ, താന്നിപ്പുഴ, ചേരാനല്ലൂർ, മൂഴിക്കുളം, മഞ്ഞപ്ര, മൂക്കന്നൂർ, വിജോപുരം, സൗത്ത് വെള്ളരപ്പിള്ളി, താബോർ, അശോക പുരം, കീഴ്മാട് വിമലഗിരി, മൂന്നാംപറമ്പ്, സെബിപുരം, ചമ്പന്നൂർ, അകപ്പറമ്പ്, നടുവട്ടം, കാക്കനാട്, മഞ്ഞപ്ര, വിലങ്ങ്, മൂന്നാംപറമ്പ്, ചുള്ളി, നടുവട്ടം, കുറ്റിപ്പാറ, ചെമ്പ്, മംഗലശ്ശേരി, വൈക്കം, എന്നീ വില്ലേജുകളിൽ രൂപീകരിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നുവിതരണവും**

ഇടപ്പള്ളി എം.എ.ജെ. ആശുപത്രിയുടെ സഹകരണത്തോടെ കോക്ക

മംഗലം പാരീഷ് ഹാളിൽ സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നുവിതരണവും സംഘടിപ്പിച്ചു.

**സജീവം ലഹരി വിരുദ്ധ ക്ലാസ്സ്**

ചേർത്തല മേഖലയിലെ സഹൃദയ ആനിമേറ്റർമാർക്കായി സജീവം ലഹരി വിരുദ്ധ ക്ലാസ്സ് സംഘടിപ്പിച്ചു.

**ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശ സംരക്ഷണ ബോധവൽക്കരണ ക്ലാസ്സ്**

വെസ്റ്റ് കൊരട്ടി ഇടവകയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികത്തോടനുബന്ധിച്ച് ട്രാൻസ് ജെൻഡർ വ്യക്തികളുടെ അവകാശ സംരക്ഷണ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

**സ്വയം തൊഴിൽ വായ്പ**

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ കീഴിൽ വിവിധ വില്ലേജുകളിൽ പ്രവർത്തിച്ചുവരുന്ന 40 സംഘങ്ങളിലെ 274 അംഗങ്ങൾക്ക് സ്വയം തൊഴിൽ വിപുലീകരണത്തിനായി 2024 മാർച്ച് മാസത്തിൽ 1,45,95,000.00 രൂപ വായ്പയായി വിതരണം ചെയ്തു.

**ജെ.എൽ.ജി. കൾക്ക് വായ്പ**

സഹൃദയ പുതിയതായി രൂപീകരിച്ചു വരുന്ന ജെ.എൽ.ജി. 76 സംഘങ്ങളിലെ 359 അംഗങ്ങൾക്ക് (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക്) 2024 മാർച്ച് മാസത്തിൽ സ്വയംതൊഴിൽ വിപുലീകരണത്തിനായി 1,74,90, 000/ രൂപ ലോൺ നൽകി.

**രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു**

സഹൃദയയുടെയും ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ബ്ലഡ് ബാങ്കിന്റെയും സംയുക്താഭിമുഖ്യത്തിൽ സാൻജോപുരം സെന്റ് ജോസഫ് ചർച്ച് ഹാളിൽ വച്ച് രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. 23 പേർ രക്തം ദാനം നൽകി.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

## ബിഷപ്പ് ബോസ്കോ പുത്തൂർ

**മാർച്ച് 2024**

03 ഉച്ചകഴിഞ്ഞ് തിരുഹൃദയക്കുന്നിൽ ബഹുമാനപ്പെട്ട സുരേഷ് മൽപാനച്ചന്റെ വന്ദ്യമാതാവിന്റെ മൃതസംസ്കാരകർമ്മങ്ങളുടെ സമാപനശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

04 രാവിലെ അങ്കമാലി എസ്.എച്ച്. മഠത്തിൽ സി. ആനി ജെയിംസ് എഫ്. സി. സി. യുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ് ആലുവ ജീവോദയ പ്രൊവിൻഷ്യൽ ഹൗസിൽ സി. ക്ലെരീസ സി. എച്ച്. എഫ്. ന്റെ മൃതസംസ്കാരകർമ്മങ്ങളുടെ അവസാനഭാഗത്ത് കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ അതിരൂപതാ കൂരിയ അംഗങ്ങളോടൊപ്പം മേജർ ആർച്ചുബിഷപ്പുമായി കൂടിക്കാഴ്ച നടത്തി.

09 രാവിലെ പാലാരിവട്ടം പി.ഒ.സി. യിൽ സി.എം.എൽ. ന്റെ സംസ്ഥാന മാനേജ്മെന്റ് കമ്മിറ്റി യോഗം ഉത്ഘാടനം ചെയ്ത് സംസാരിച്ചു.

ഉച്ചകഴിഞ്ഞ് ലിസി ആശുപത്രിയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

10 ഉച്ചകഴിഞ്ഞ് കൊരട്ടി ആരാധനാമഠത്തിൽ സി. ശാലോം എസ്.എ.ബി.എസ്. ന്റെ മൃതസംസ്കാരകർമ്മങ്ങളുടെ അവസാനഭാഗത്ത് കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം അതിരൂപതയിലെ റീജൻസി ബ്രദേഴ്സിന് മാസധ്യാനത്തിന് സന്ദേശം നൽകി.

11 ഉച്ചകഴിഞ്ഞ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പുമായി കൂടിക്കാഴ്ച നടത്തി.

13 വൈകുന്നേരം അരമനയിൽ അതിരൂപതയിലെ ഡീക്കന്മാരുടെ മാസധ്യാനത്തിന് സന്ദേശം നൽകി

15 വൈകുന്നേരം അങ്കമാലി എൽ.എഫ്. ആശുപത്രിയിൽ പുതുതായി നിർമ്മിച്ച എമർജൻസി ഡിപ്പാർട്ടുമെന്റിന്റെ വെഞ്ചിരിപ്പുകർമ്മം നിർവ്വഹിച്ചു.

16 രാവിലെ ഒല്ലൂർ മഠത്തിൽ ദിവ്യബലി അർപ്പിച്ചു.

18 രാവിലെ ഉളവയ്പിൽ ഡോ. മൈക്കിൾ തരകന്റെ ഭാര്യയുടെ മൃതസംസ്കാരകർമ്മങ്ങളിൽ സംബന്ധിച്ചു.

വൈകുന്നേരം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ അതിരൂപതാ കൂരിയ അംഗങ്ങളോടൊപ്പം മേജർ ആർച്ചുബിഷപ്പുമായി കൂടിക്കാഴ്ച നടത്തി.

19 രാവിലെ തൃശ്ശൂർ അതിരൂപതയിലെ ചൂണ്ടൽ ഇടവകയിൽ ബലിയർപ്പിക്കുകയും പുതുതായി നിർമ്മിക്കുന്ന ദേവാലയത്തിന്റെ പ്രധാനകവാടം സ്ഥാപിക്കുന്ന കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

വൈകിട്ട് കോക്കുന്ന് ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന ദേവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു.

20 ആലുവ കോൾബെ ആശ്രമത്തിൽ വൈദികവിദ്യാർത്ഥികൾക്ക് മ്ശംശാന, ഹെവ്പതിയാക്കോന, കാറോയ എന്നീ പട്ടങ്ങൾ നൽകി.

ലിസി ആശുപത്രിയിലെ ഡോക്ടറായിരുന്ന രശ്മി ലിസ ജോസിന്റെ മൃതശരീരത്തിങ്കൽ (കളമശ്ശേരിയിലെ ഭവനത്തിൽ) ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

21 വൈകിട്ട് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന അതിരൂപതയിലെ ഫൊറോനാവികാരിമാരുടെയും ആലോചനാസമിതി അംഗങ്ങളുടെയും സംയുക്തയോഗത്തിൽ മേജർ ആർച്ചുബിഷപ്പിനോടൊപ്പം പങ്കെടുത്തു.

22 വൈകുന്നേരം ചുണങ്ങംവേലി എം.എസ്.ജെ. പ്രൊവിൻഷ്യൽ ഹൗസിൽ സി. റീത്ത എം.എസ്.ജെ.യുടെ മൃതസംസ്കാരകർമ്മങ്ങളുടെ അവസാനഭാഗത്ത് കാർമ്മികത്വം വഹിച്ചു.

24 രാവിലെ കോലഞ്ചേരി ക്യൂൻ മേരീസ് പള്ളിയിൽ ഓശാനതിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം കറുകുറ്റി ഫൊറോനാപള്ളിയിൽ ബൈബിൾ കൺവെൻഷന്റെ സമാപനസന്ദേശം നൽകി.

25 രാവിലെ അരമന ചാപ്പലിൽ വിശുദ്ധകുർബാനയോടനുബന്ധിച്ച് തൈലം വെഞ്ചരിച്ചു.

25-26 അതിരൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദികവിദ്യാർത്ഥികളുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തി.

28 ഉച്ചകഴിഞ്ഞ് ആലുവ സബ് ജയിലിൽ വിശുദ്ധ കുർബാനയ്ക്കും കാൽകഴുകൽ ശുശ്രൂഷയ്ക്കും കാർമികത്വം വഹിച്ചു.

വൈകിട്ട് എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ പൊതു ആരാധനയിൽ സംബന്ധിച്ചു.

29 രാവിലെ എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ ദുഃഖവെള്ളിയാഴ്ചയിലെ തിരുക്കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ് എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ നടന്ന കുരിശിന്റെ വഴിയിൽ പങ്കെടുത്തു.

30 രാവിലെ അരമന ചാപ്പലിൽ വലിയശനിയാഴ്ചയിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.


ഉച്ചയ്ക്ക് പാറപ്പുറം ഐശ്വര്യഗ്രാമിൽ ഇതരസംസ്ഥാനതൊഴിലാളികൾക്കുവേണ്ടി സംഘടിപ്പിച്ച ധ്യാനത്തിന് സന്ദേശം നൽകി.

വൈകുന്നേരം ഈസ്റ്റർ ആംസകളർപ്പിക്കാൻ അരമനയിൽ എത്തിയ വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത ജോസഫ് കളത്തിപ്പറമ്പിൽ പിതാവിനേയും വൈദികരേയും സ്വീകരിച്ചു.

31 ഫോർട്ടുകൊച്ചി ലിറ്റിൽ ഫ്ളവർ പള്ളിയിൽ ഉയിർപ്പ് തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

* * * * *

# ST. MARK



RNI No. 3421/57
Date of Publication: 01-04-2024

Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org